# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *116 — 29.09.2016-ൽ മറുപടിയ്ക്ക്

## പുനർനിർമ്മിക്കപ്പെടുന്ന റോഡുകളുടെ പരിപാലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>,, മുല്ലക്കര രത്നാകരൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, ഇ.കെ.വിജയൻ | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡുകൾ പുനർനിർമ്മിക്കുന്നതിന് കരാർ നൽകുമ്പോൾ പ്രസ്തുത റോഡുകളുടെ ആയുസ്സിന് ഒരു ഗ്യാരൻറി പീരിയഡ് നിഷ്കർഷിക്കുന്നതിനോടൊപ്പം ആയതിന്റെ പരിപാലന ചുമതല കൂടി കരാറുകാരെ ഏല്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായുള്ള പ്രവൃത്തികൾക്ക് ജി.ഒ. (എം.എസ്.) നം.73/2013/പൊമവ തീയതി 31/08/2013 പ്രകാരം Defect Liability Period നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിയിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാർ അവരുടെ ചെലവിൽതന്നെ പരിഹരിക്കുന്നതാണ്. ഇത് കൂടാതെ 5 വർഷത്തെ ഗ്യാരണ്ടിയോടുകൂടി ഹെവി മെയിന്റനൻസിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ചില റോഡുകളുടെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. 2016–17 ലെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ എല്ലാം തന്നെ നിലവിലെ മൂന്ന് വർഷത്തെ ഗ്യാരണ്ടി പീരിഡിനു പുറമേ പരിപാലന ഉറപ്പുകാലം കൂടി വയ്ക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | എങ്കിൽ നിഷ്കർഷിക്കുന്ന ഗ്യാരൻറി പീരിയഡ്, പരിപാലന ചുമതല എന്നിവയുടെ കാലപരിധി വ്യക്തമാക്കുമോ; | (ബി) | സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) നം.73/2013/പൊമവ തീയതി 31/08/2013 പ്രകാരം വിവിധ പ്രവൃത്തികൾക്കായി നിശ്ചയിച്ചിരിക്കുന്ന Defect Liability Period ചുവടെ ചേർക്കുന്നു.<br>1 New road construction including sub base and base and BM & BC Surfacing - 36 months<br>2. New road construction including surface and base and surfacing with specification other than BM & BC – 24 months<br>3 Surfacing renewal with BM & BC – 24 months<br>4 Surfacing renewal with minimum 30 mm BC/SDBC of specification of similar standards - 18 months |

| | | | |
|---|---|---|---|
| | | | 5 Surface renewal with 20mm chipping carpet or specification of similar standards - 12 months<br>6. Ordinary repairs and maintenance of Road and Buildings - 6 months<br>7. Special repairs of roads – 18 months<br>8. Road marking using thermoplastic paint -12months<br>9. Retro reflective sign Boards / direction Boards. - 36 months<br>10 Temporary works - Defect Liability period will be fixed based on use period and will be specified in each case by the Agreement Authority |
| (സി) | പരിപാലന ചുമതലയേൽക്കുന്ന കരാറുകാർ പ്രസ്തുത റോഡുകൾ വിവിധ കുത്തക കമ്പനികൾക്ക് വെട്ടി മുറിക്കുന്നതിനും, കേടു വരുത്തുന്നതിനും അനുവാദം നൽകുകയാണെങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | പൊതുമരാമത്ത് വകുപ്പിലെ റോഡുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുവാദത്തോടു കൂടി മാത്രമേ മറ്റ് ഏജൻസികൾക്ക് പ്രവൃത്തികൾ നടത്തുവാൻ സാധിക്കുകയുള്ളൂ. റോഡുകളുടെ പ്രവൃത്തികളുടെ Defect Liability Period ൽ വരുന്ന കേടുപാടുകൾ പ്രസ്തുത വർക്കിന്റെ കരാറുകാർ സ്വന്തം ചെലവിൽ പരിഹരിക്കുന്നതാണ്. അവ നടപ്പാക്കാത്ത പക്ഷം അതിനു വേണ്ടിവരുന്ന ചെലവ് കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതാണ്. |
| (ഡി) | വിവിധ ഏജൻസികൾ തമ്മിൽ ഏകോപനമില്ലാത്തത് മൂലം റോഡുകൾ പല തവണ കുഴിക്കുന്നത് ഒഴിവാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) | കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം ദേശീയപാത പുനർനിർമ്മിക്കുമ്പോൾ കേബിൾ തുടങ്ങിയ യൂട്ടിലിറ്റി സർവ്വീസുകൾ കടത്തി വിടുന്നതിനു വേണ്ടി സ്ഥിരം സംവിധാനം ദേശീയപാതകളുടെ വശങ്ങളിലൂടെയും കുറുകെയും നിർമ്മിക്കുന്നതായിരിക്കും. ആയതിനാൽ കൂടെക്കൂടെയുള്ള റോഡ് വെട്ടിമുറിക്കലുകൾ ഒഴിവാക്കാൻ കഴിയുന്നതാണ്. പ്രവൃത്തിയുടെ പ്രാരംഭ ദിശയിൽ തന്നെ അതുമായി ബന്ധപ്പെട്ട ഏജൻസികളുടെ ഏകോപനത്തോടു കൂടി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ